

# ഇസ്‌ലാമിക് ഫൈനാൻസ്

## സാമ്പത്തിക പ്രതിസന്ധിക്കുശേഷം

കവർസ്റ്റോറി

●

**ഒ.കെ ഫാരിസ് കുറ്റ്യാടി**

**“അല്ലാഹു** പലിശയെ തുടച്ചുനീക്കുകയും ദാനധർമങ്ങളെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു. നന്ദികെട്ട ദുഷ്കർമികളായ ആരെയും അല്ലാഹു സ്നേഹിക്കുന്നില്ല” (*അൽ ബഖറ* 276).

**** ** ****

**ഇസ്‌ലാമിക്** ഫൈനാൻസ് ആഗോള ശ്രദ്ധനേടിയ നിർണായക ഘട്ടമാണിത്. 1970 കളിൽ വളർന്നുവന്ന് വളരെ ചുരുങ്ങിയ കാലംകൊണ്ട് ലോക ശ്രദ്ധ പിടിച്ചുപറ്റാൻ അതിന് കഴിഞ്ഞു. പാശ്ചാത്യർ പോലും ഇന്നതിനെ ഇരുകൈയോടെ സ്വീകരിച്ചുതുടങ്ങി. ഇങ്ങനെ ലോകത്ത് ഇസ്‌ലാമിക് ഫൈനാൻസ് പ്രധാന ചർച്ചയായ സന്ദർഭത്തിലാണ് അതിന്റെ ജൈത്രയാത്രയിൽ ഒരു വഴിത്തിരിവായി സാമ്പത്തിക പ്രതിസന്ധി കടന്നുവന്നത്.

ആധുനിക കാലത്ത് സാമ്പത്തികരംഗം കൈകാര്യം ചെയ്യുന്നത് ബാങ്കുകളാണ്. ഓരോ രാഷ്ട്രത്തിന്റെയും പണം അടിച്ചിറക്കുന്നതുമുതൽ ഒരു വസ്തു കടയിൽ നിന്ന് വാങ്ങുമ്പോഴോ ഇന്റർനെറ്റിൽ കച്ചവടം നടത്തുമ്പോഴോ ഉപയോഗിക്കുന്ന ക്രെഡിറ്റ് കാർഡുകൾ വരെ നീളുന്ന സാമ്പത്തിക വിനിമയങ്ങൾ ബാങ്കുകളുടേതാണ്. ആഗോളീകൃത ലോകത്ത് അന്താരാഷ്ട്ര തലത്തിൽ നടക്കുന്ന ബിസിനസുകളിലെല്ലാം പ്രധാന കണ്ണിയാണ് ബാങ്ക്. ഇത്രയും പ്രാധാന്യമർഹിക്കുന്ന ബാങ്കുകളുടെ തകർച്ച ആഗോള സാമ്പത്തിക ക്രമത്തെ ഗുരു

**സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് പഠിച്ച രഘുറാം കമ്മിറ്റി പരിഹാര നിർദേശങ്ങൾ സമർപ്പിച്ചതിൽ രണ്ട് പേജ് ഇസ്‌ലാമിക് ബാങ്കിന്റെ ആവശ്യകതയെക്കുറിച്ചാണെന്നത് നമുക്ക് ഏറെ പ്രതീക്ഷക്ക് വക നൽകുന്നു. എന്നാൽ തെരഞ്ഞെടുപ്പ് അടുത്തതിനാൽ ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട തീരുമാനങ്ങളൊന്നും വരാൻ ഇടയില്ല. എങ്കിലും തെരഞ്ഞെടുപ്പിന് ശേഷം വീണ്ടുമധികാരത്തിലെത്തിയാൽ യു.പി.എ ഗവൺമെന്റ് തന്നെ ഇസ്‌ലാമിക് ബാങ്ക് തുടങ്ങുമെന്നാണ് പ്രതീക്ഷ.**



രഘുറാം

തരമായാണ് ബാധിച്ചിരിക്കുന്നത്.

ഇസ്ലാമിക നിയമങ്ങളെ മാത്രം അടിസ്ഥാനമാക്കി മുന്നോട്ടു പോകുന്ന ഇസ്ലാമിക് ബാങ്കിംഗും ഇസ്ലാമിക് ഫൈനാൻസും ഇസ്ലാമിക സാമ്പത്തിക ശാസ്ത്രവുമൊക്കെയാണ് പ്രതിസന്ധിക്ക് ശേഷം ഏറ്റവും കൂടുതൽ ചർച്ചയായത്. ചിലർ സാമ്പത്തിക പ്രതിസന്ധിക്ക് ബദലായി കമ്യൂണിസ്റ്റ് സമ്പദ്‌വ്യവസ്ഥ മുന്നോട്ടുവെക്കുകയുണ്ടായി. അവരുടെ വാദം, രാഷ്ട്രത്തിന്റെ ഇടപെടലിന്റെ അഭാവമാണ് പ്രതിസന്ധിയുടെ കാരണമെന്നാണ്. അതിലപ്പുറം ഒന്നും പറയാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ആധുനിക ബാങ്കുകൾക്ക് പകരമായി ഒരു 'കമ്യൂണിസ്റ്റ് ബാങ്ക്' പകരം നൽകാനും അവരുടെ കൈയിലില്ല. എന്നാൽ ഇപ്പോഴത്തെ പ്രതിസന്ധിയുടെ കാരണമായി വിലയിരുത്തപ്പെടുന്ന പലിശ, ആർത്തി, ഊഹക്കച്ചവടം, കടംവിൽപന, സബ്പ്രൈം കടങ്ങൾ തുടങ്ങിയവക്കെല്ലാം ഇസ്ലാം വ്യക്തമായ പരിഹാരങ്ങൾ നിർദേശിക്കുന്നു. മാത്രമല്ല കമ്യൂണിസ്റ്റു വാദപ്രകാരമുള്ള 'രാഷ്ട്രത്തിന്റെ ഇടപെടൽ' പ്രതിസന്ധി ഘട്ടത്തിൽ മാത്രമല്ല, എപ്പോഴും വേണമെന്ന് ഇസ്ലാം ശക്തമായി പഠിപ്പിക്കുന്നു. അതിനാൽ തന്നെ ഇസ്ലാമിന്റെ സാമ്പത്തിക ക്രമങ്ങളിലും ഇസ്ലാമിക് ബാങ്കിംഗിലുമൊക്കെയാണ് ലോകം പ്രതീക്ഷയർപ്പിക്കുന്നത്.

എല്ലാ പരമ്പരാഗത ബാങ്കുകളും തകർന്നിട്ടില്ല. മുതലാളിത്ത ദർശനത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് അവ മുന്നോട്ടുപോകുന്നത്. പക്ഷേ, ഈ ബാങ്കുകളുടെ മുന്നോട്ടുപോക്ക് പ്രയാസകരമാണ്. കാരണം, 2008 സെപ്റ്റംബറിലെ പ്രതിസന്ധിയോടെ യഥാർഥത്തിൽ തകർന്നത് ആധുനിക ബാങ്കുകളിലുള്ള ജനങ്ങളുടെ വിശ്വാസമാണ്. ബാങ്കുകളുടെ പ്രവർത്തന സ്വഭാവമറിയാവുന്നവർക്കറിയാം, ജനങ്ങളുടെ വിശ്വാസത്തിന്റെ പിൻബലമൊന്നുമാത്രമാണ് ബാങ്കുകളെ നിലനിർത്തുന്നത്. നൂറു പേർ ഒറ്റയടിക്ക് തങ്ങളുടെ നിക്ഷേപങ്ങൾ പിൻവലിച്ചാൽ ബാങ്ക് തകർന്നെന്ന് വരും. ഇന്ന് നിലനിൽക്കുന്ന ബാങ്കുകളുടെ ഘടന അത്രയും ദുർബലമാണ്.

എന്നാൽ ശക്തമായ അടിത്തറയുള്ള ഇസ്ലാമിക് ബാങ്കുകൾ വ്യക്തവും സുതാര്യവുമായ കരാറുകളുടെ അടിസ്ഥാനത്തിലാണ് മുന്നോട്ട് പോകുന്നത്. അതുകൊണ്ട് തന്നെ കിംവദന്തികൾ കാരണമായി ഇസ്ലാമിക് ബാങ്ക് തകരില്ല. അതിനാൽ ഈയൊരു പ്രതിസന്ധിയുടെ സന്ദർഭത്തിൽ ലോകം ഇസ്ലാമിക് ഫൈനാൻസിൽ പ്രതീക്ഷകളേറെ അർപ്പിക്കുന്നു. ഇസ്ലാമിക ലോകത്ത് ഇത് നവോന്മേഷം നൽകുമ്പോൾ ഇസ്ലാമികേതര രാഷ്ട്രങ്ങൾ ഇതിന്റെ പ്രയോഗവൽക്കരണത്തിനായി ശ്രമിക്കുകയും ഉള്ളതിനെ വളർത്തിക്കൊണ്ടുവരാൻ നടപടികൾ എടുത്തുകൊണ്ടിരിക്കുകയുമാണ്.

**ഇപ്പോഴത്തെ പ്രതിസന്ധിയുടെ കാരണമായി വിലയിരുത്തപ്പെടുന്ന പലിശ, ആർത്തി, ഊഹക്കച്ചവടം, കടംവിൽപന, സബ്പ്രൈം കടങ്ങൾ തുടങ്ങിയവക്കെല്ലാം ഇസ്ലാം വ്യക്തമായ പരിഹാരങ്ങൾ നിർദേശിക്കുന്നു. മാത്രമല്ല കമ്യൂണിസ്റ്റു വാദപ്രകാരമുള്ള 'രാഷ്ട്രത്തിന്റെ ഇടപെടൽ' പ്രതിസന്ധി ഘട്ടത്തിൽ മാത്രമല്ല, എപ്പോഴും വേണമെന്ന് ഇസ്ലാം ശക്തമായി പഠിപ്പിക്കുന്നു. അതിനാൽ തന്നെ ഇസ്ലാമിന്റെ സാമ്പത്തിക ക്രമങ്ങളിലും ഇസ്ലാമിക് ബാങ്കിംഗിലുമൊക്കെയാണ് ലോകം പ്രതീക്ഷയർപ്പിക്കുന്നത്.**

സാമ്പത്തിക പ്രതിസന്ധിയെ എങ്ങനെ നേരിടണമെന്ന് കൂട്ടായ ചർച്ച നടക്കുന്ന സന്ദർഭത്തിൽ അമേരിക്കൻ കോൺഗ്രസ് ഇസ്ലാമിക സാമ്പത്തിക വിദഗ്ധന്മാരെ വിളിച്ചുവരുത്തി അവരോട് അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ടിരിക്കുന്നു. അമേരിക്കയിലെ NASDAQ സ്റ്റോക് മാർക്കറ്റ് ഇസ്ലാമിക രീതിയിലുള്ള ഇൻഡക്സ് തയാറാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഗൾഫ് നിക്ഷേപകരെ ആകർഷിക്കുകയാണ് മുഖ്യഉന്നം. 2009 മാർച്ചിനകം ഇത് നടപ്പിലാക്കാനാണ് തീരുമാനം. അതോടൊപ്പം തന്നെ Dow Jones, MSCI, FTSE Group, HSBC, Citigroup എന്നിവയും അവരുടെ സ്റ്റോക്ക് സൂചികയും (Stock Index) ബോണ്ട് സൂചികയും (Bond index) മുസ്ലിം ലോകത്തിനുകൂടി ഉപകരിക്കുമാറ് ഇസ്ലാമികവൽക്കരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഏഷ്യൻ രാജ്യങ്ങൾക്കായുള്ള ഇസ്ലാമിക് സൂചികയുടെ പ്രത്യേക പാക്കേജ് യാഥാർഥ്യമായിക്കഴിഞ്ഞു.

ജപ്പാനും ചെറിയ രീതിയിലാണെങ്കിലും വളരെ പ്രധാനപ്പെട്ട കാൽവെപ്പാണ് നടത്തിയിരിക്കുന്നത്. 2008 ഡിസംബർ തുടക്കത്തിൽ തന്നെ ജപ്പാൻ അതിന്റെ ധനകാര്യ നിയമങ്ങളിൽ ഇസ്ലാമിക് ഫൈനാൻസിന് ആവശ്യമായ ഭേദഗതി



*യോശിഹീറോ*



*നെയ്ൽ*

കൾ വരുത്തുകയുണ്ടായി. ഇസ്ലാമിക് ഫൈനാൻഷ്യൽ മാർക്കറ്റ് ജപ്പാനിലെ ജനതയെ വല്ലാതെ ആകർഷിച്ചുകഴിഞ്ഞു. ജപ്പാൻ ഉൽപന്നങ്ങളുടെ പ്രധാന കമ്പോളമെന്ന നിലയിൽ അറബ് രാഷ്ട്രങ്ങളുമായി ജപ്പാൻ ഒരുപാട് ഇടപാടുകൾ നടത്തിവരുന്നുണ്ട്. മാത്രമല്ല, ഗൾഫിലെ നിക്ഷേപകരെ ആകർഷിക്കാനും അത് ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ പ്രതിസന്ധിക്കു മുമ്പുതന്നെ അവർ ഇസ്ലാമിക് ഫൈനാൻസിൽ ആകൃഷ്ടരായിക്കഴിഞ്ഞിട്ടുണ്ടായിരുന്നു. ഏഷ്യൻ ബോണ്ട് മാർക്കറ്റ് വികസനം ലക്ഷ്യംവെച്ച് ഇസ്ലാമിക് ഫൈനാൻസിനെ പ്രോത്സാഹിപ്പിക്കാൻ ജപ്പാൻ ഗവൺമെന്റ് ഏഷ്യാ ഗേറ്റ്‌വേ എന്ന സംരംഭത്തിന് തുടക്കം കുറിക്കുകയുണ്ടായി. എണ്ണപ്പണം ജപ്പാന്റെ സാമ്പത്തിക വികസനത്തിന് ഉപകരിക്കുമെന്നതിനാൽ ഇസ്ലാമിക് ഫൈനാൻസ് പ്രാധാന്യമർഹിക്കുന്നുവെന്നാണ് യോശിഹീറോ വതനബെ എന്ന ജാപ്പനീസ് സാമ്പത്തിക വിദഗ്ധൻ പറഞ്ഞത്. മറ്റൊരു സാമ്പത്തിക വിദഗ്ധനായ എറ്റ്സ്നാക്കി യോശിദ പറഞ്ഞത് 'പുതിയ ആഗോള പരിതസ്ഥിതി ഇസ്ലാമിക് ഫൈനാൻസിലേക്ക് ഇറങ്ങിച്ചെല്ലേണ്ടതിന്റെ ആവശ്യകതയാണ് ബോധ്യപ്പെടുത്തുന്നത്' എന്നാണ്. ജപ്പാനിലെ ധനകാര്യസ്ഥാപനങ്ങൾ ഇസ്ലാമിക് കാപ്പിറ്റൽ മാർക്കറ്റ് ഉൽപന്നങ്ങൾ വികസിപ്പിച്ചെടുക്കാൻ മലേഷ്യയിലെ അസിം ബാങ്കേഴ്സി (Aseambankers) നോട് താൽപര്യം പ്രകടിപ്പിച്ചുകഴിഞ്ഞു. പക്ഷേ ജപ്പാനിൽ ഇപ്പോൾ നടന്നുവരുന്ന ബാങ്ക് നിയമപ്രകാരം ബാങ്കിംഗ് ഇടപാടിന്റെ ഭാഗമായി സാധനങ്ങൾ വാങ്ങുന്നതും വിൽക്കുന്നതും അനുവദിക്കുന്നില്ല. ഇത് ഇസ്ലാമിക് ബാങ്കുകളെ ബാധിക്കുന്ന വിഷയമാണ്. അതിനാൽ ബാങ്കിന്റെ അനുബന്ധ സ്ഥാപനങ്ങൾക്ക് അത്തരം ഇടപാട് നടത്താൻ അനുമതി നൽകിയിരിക്കുകയാണ്. ഇതുവഴി ഇസ്ലാമിക് ബാങ്കുകൾക്ക് പ്രവർത്തിക്കാൻ സൗകര്യമൊരുങ്ങിയിരി

ക്കുന്നു.

2004-ൽ ആരംഭിച്ച ഇസ്‌ലാമിക് ബാങ്ക് ഓഫ് ബ്രിട്ടൻ (IBB) ആണ് ബ്രിട്ടനിലെ ആദ്യത്തെ ശരീഅത്ത് പ്രകാരമുള്ള ബാങ്ക്. പ്രതിസന്ധിക്ക് ശേഷം ഈ ബാങ്കിന്റെ ഉപഭോക്താക്കളിൽ അമുസ്‌ലിംകളുടെ എണ്ണം ഗണ്യമായി വർധിക്കുകയുണ്ടായി എന്ന് ബാങ്കിന്റെ വക്താവ് പറയുകയുണ്ടായി. ഈയിടെ ബ്രിട്ടീഷ് ഗവൺമെന്റ് ഒരു ചർച്ച സംഘടിപ്പിച്ചു. ഇസ്‌ലാമിക് ഫൈനാൻസിന്റെ നിയമപരമായ പ്രശ്നങ്ങൾ ആയിരുന്നു വിഷയം. ഗവൺമെന്റിനെ പ്രതിനിധീകരിച്ച് അവിടത്തെ ട്രഷറികളുടെ സാമ്പത്തിക സെക്രട്ടറി ഇയാൻ പിയേഴ്സൺ സംഘടിപ്പിച്ചതായിരുന്നു അത്. യു.കെയിലെ ഇസ്‌ലാമിക് ഫൈനാൻസുമായുള്ള സഹകരണവും അതിന്റെ വളർച്ചയും ചർച്ചചെയ്യപ്പെട്ടു. 'ആഗോള ഫൈനാൻസ് കേന്ദ്രങ്ങളിലൊന്നായി ലണ്ടന്റെ സ്ഥാനം ഉയർത്തിയതിൽ ഇസ്‌ലാമിക് ഫൈനാൻസ് സ്ഥാപനങ്ങൾ ഏറെ വിലപ്പെട്ടതായി നാം കാണുന്നു. അതോടൊപ്പം തന്നെ ഈ രാജ്യത്ത് ഇസ്‌ലാമിക് ഫൈനാൻസ് വളരുന്നതായും ഏറെ ലാഭകരമായി മുന്നോട്ടുപോകുന്നതായും കാണാൻ കഴിയുന്നുണ്ട്' എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. Loyds TSB, Royal Bank of Scotland, HSBC തുടങ്ങിയവയും ശരീഅത്ത് അനുവദിക്കുന്ന വിധത്തിലുള്ള ഇടപാടുകളാണ് നടത്തിവരുന്നത്. 'ഓരോ മതക്കാരുടെ സാമ്പത്തിക കാഴ്ചപ്പാടനുസരിച്ച് സാമ്പത്തിക രംഗത്ത് ക്രയവിക്രയം നടത്താൻ കഴിയുന്ന അവസ്ഥ യു.കെ ഗവൺമെന്റ് സംജാതമാക്കണം' എന്നും ട്രഷറി സെക്രട്ടറി കൂട്ടിച്ചേർത്തു. ഈ പറഞ്ഞതിന്റെ ഉദ്ദേശ്യം മുസ്‌ലിങ്ങൾക്ക് ക്രയവിക്രയത്തിന് സാധ്യമാകുംവിധത്തിൽ ഇസ്‌ലാമിക് ബാങ്കുകൾ വികസിപ്പിച്ചെടുക്കണമെന്നാണ്. പക്ഷേ, ബ്രിട്ടൻ യഥാർഥത്തിലുദ്ദേശിക്കുന്നത് ഇസ്‌ലാമിക് ബാങ്കുകളിലൂടെ മറ്റ് മതസ്ഥരുടെയും നിക്ഷേപം സമാഹരിക്കാൻ തന്നെയാണ്. അത് അവർ മാനം കാക്കാൻ വേണ്ടി തന്ത്രപൂർവം മറച്ചുവെക്കുക മാത്രമാണ് ചെയ്യുന്നത്. കാരണം ബ്രിട്ടനിലെ പ്രതിസന്ധി നേരിട്ടനുഭവിച്ച ജനത ഇപ്പോൾ അവിടെയുള്ള പാരമ്പര്യ ബാങ്കുകളിൽ നിക്ഷേപിക്കാൻ തയാറാവുന്നില്ല. അതുകൊണ്ടുതന്നെ സാമ്പത്തിക രംഗത്തെ നിക്ഷേപ ഒഴുക്ക് പൂർണമായും നിലച്ചിരിക്കുകയാണ്. ഇതിൽ നിന്നും രക്ഷപ്പെടാൻ ബ്രിട്ടീഷ് ഗവൺമെന്റ് കാണുന്ന ഏക പോംവഴി, ഇസ്‌ലാമിക് ബാങ്കുകളെ വളർത്തിയെടുക്കുകയും അവയിലേക്ക് നിക്ഷേപകരെ ആകർഷിക്കുകയുമാണ്. അതുകൊണ്ടാണ് അവർ ഇത്ര തിടുക്കപ്പെട്ട് ഇസ്‌ലാമിക് ഫൈനാൻസിനെ വികസിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. എത്ര മറച്ചുവെച്ചിട്ടും ഇസ്‌ലാമിക് ഫൈനാൻസിനെ അവർക്ക് അംഗീകരിക്കേണ്ടി വന്നിരിക്കുന്നു. IBB ഈയൊരവസരം പരമാവധി ഉപയോഗപ്പെടുത്താൻ തീരുമാനിച്ചുകഴിഞ്ഞു. വികസനത്തിന് പൊതുജന നിക്ഷേപം സ്വീകരിക്കാനാണ് അവരുടെ തീരുമാനം.




**അമേരിക്കയിലെ NASDAQ സ്റ്റോക് മാർക്കറ്റ് ഇസ്‌ലാമിക രീതിയിലുള്ള ഇന്റക്സ് തയാറാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഗൾഫ് നിക്ഷേപകരെ ആകർഷിക്കുകയാണ് മുഖ്യഉന്നം. Dow Jones, MSCI, FTSE Group, HSBC, Citigroup എന്നിവയും അവരുടെ സ്റ്റോക്ക് സൂചികയും (Stock Index) ബോണ്ട് സൂചികയും (Bond index) മുസ്‌ലിം ലോകത്തിനുകൂടി ഉപകരിക്കുമാറ് ഇസ്‌ലാമികവൽക്കരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.**

ഫ്രാൻസും ഇസ്‌ലാമിക് ബാങ്കുകളെ സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഫ്രഞ്ച് നിയമങ്ങളിൽ ഇസ്‌ലാമിക് ഫൈനാൻസിന് ആവശ്യമായ മാറ്റത്തിരുത്തലുകൾ വരുത്തുമെന്ന് ഫ്രഞ്ച് ഫൈനാൻസ് മന്ത്രി ക്രിസ്റ്റിൻ ലഗാർഡ് ഉറപ്പ് നൽകിയിരിക്കുകയാണ്. പ്രതിസന്ധിയിൽ നിന്ന് കരകയറാൻ ഖുർആനിക തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ മുന്നോട്ട് പോകാനുള്ള ഫ്രാൻസിന്റെ തീരുമാനം, സാമ്പത്തിക വ്യവസ്ഥ ഇസ്‌ലാമികവൽക്കരിക്കാൻ മടിച്ചുനിൽക്കുന്ന മുസ്‌ലിം രാഷ്ട്രങ്ങൾക്ക് മാതൃകയാണ്.

പാരീസിനെ ഇസ്‌ലാമിക് ഫൈനാൻസിലൂന്നിയ പ്രധാനപ്പെട്ട ഒരു കമ്പോളമാക്കി മാറ്റാനാണ് അവർ ശ്രമിക്കുന്നത്. ഒരു ചർച്ചയിൽ ലഗാർഡ് അഭിപ്രായപ്പെട്ടത്, പാശ്ചാത്യ ധനകാര്യ വിദഗ്ധർ ഇസ്‌ലാമിക ലോകത്തെ കാര്യങ്ങൾ പഠിക്കണമെന്നും അവ അനുധാവനം ചെയ്യണമെന്നുമാണ്. എന്നിട്ട് പറഞ്ഞു: 'ആധുനിക ധനകാര്യ വ്യവസ്ഥക്ക് പുതിയ തത്ത്വങ്ങൾ വേണം. അത് സുതാര്യതയിലും ഉത്തരവാദിത്വത്തിലും അധിഷ്ഠിതമായിരിക്കണം. അതോടൊപ്പം ഞാൻ ഒന്നുകൂടി കൂട്ടിച്ചേർക്കുകയാണ്. അത് സമതുലിതവും ആയിരിക്കണം'. ഇവിടെ പറഞ്ഞ സുതാര്യതയും ഉത്തരവാദിത്വവും സമതുലനവുമൊക്കെയാണ് യഥാർഥത്തിൽ ഇസ്‌ലാമിക് ഫൈനാൻസിനെ ആധുനിക ഫൈനാൻസിൽ നിന്നും വ്യത്യസ്തമാക്കുന്നത്.

ഫ്രാൻസിലെ മുസ്‌ലിംകൾ മാത്രമല്ല ഇതിൽ ആകൃഷ്ടരായിരിക്കുന്നത്. അവിടെ മുസ്‌ലിം ജനസംഖ്യ വെറും അഞ്ച് മില്യൺ മാത്രമാണ്. അവിടെ പല ബിസിനസുകാരും ഇതിനെക്കുറിച്ച് പഠിച്ചുകൊണ്ടിരിക്കുകയാണ്. ഫ്രാൻസിലെ പ്രശസ്ത സാമ്പത്തിക പ്രഫസർമാരായ ഒലിവർ പാസ്റ്ററയും എലിസ് ജൂനിയും അഭിപ്രായപ്പെട്ടത്, 100 ബില്യൻ യൂറോ

(136.9 ബില്യൻ ഡോളർ) വരെ ഫ്രാൻസിൽ ഇസ്‌ലാമിക് ഫൈനാൻസിന് ആകർഷിക്കാൻ കഴിയുമെന്നാണ്.

'ഇസ്‌ലാമിക് ഫൈനാൻസ് അതിന്റെ ഏറ്റവും നല്ല ബാങ്കിംഗ് രീതി കഴിഞ്ഞ ദശകത്തിൽ ലോകത്തിന് കാണിച്ചുതന്നിട്ടുണ്ട്' എന്ന് ബ്രിട്ടീഷ് ഗവൺമെന്റിന്റെ ഉപദേഷ്ടാവ് കൂടിയായ നെയ്ൽ മില്ലർ പറയുകയുണ്ടായി. ബ്രിട്ടനിലെ ഇസ്‌ലാമിക് ബാങ്ക് ഫ്രാൻസിൽ അവരുടെ ശാഖ തുടങ്ങാൻ സന്നദ്ധത പ്രകടിപ്പിച്ചെങ്കിലും അവരുടെ മുന്നിലെ ഏക തടസ്സം ഫ്രാൻസിൽ ഇപ്പോൾ നിലവിലുള്ള നിയമമാണ്. ഫ്രഞ്ച് ഫൈനാൻസ് മന്ത്രിയുടെ പുതിയ തീരുമാനം നടപ്പിലാകുന്നതോടെ ആ പ്രശ്നവും അവസാനിക്കും.

ജനസംഖ്യയുടെ വെറും 4.1 ശതമാനം മാത്രം മുസ്‌ലിംകൾ വസിക്കുന്ന ജർമനിയിലും ഇറ്റലി, ബ്രസീൽ തുടങ്ങിയ മറുനാടുകളിലും പ്രതിസന്ധിക്ക് ശേഷം ഇസ്‌ലാമിക് ഫൈനാൻസ് രംഗത്ത് കാര്യമായ ചർച്ചകളാണ് നടന്നുവരുന്നത്. ഇക്കൂട്ടത്തിൽ നമ്മുടെ ഇന്ത്യയുമുണ്ട്. പ്രതിസന്ധിയെക്കുറിച്ച് പഠിച്ച രഘുറാം കമ്മിറ്റി പരിഹാര നിർദേശങ്ങൾ സമർപ്പിച്ചതിൽ രണ്ട് പേജ് ഇസ്‌ലാമിക് ബാങ്കിന്റെ ആവശ്യകതയെക്കുറിച്ചാണെന്നത് നമുക്ക് ഏറെ പ്രതീക്ഷക്ക് വക നൽകുന്നു. എന്നാൽ തെരഞ്ഞെടുപ്പ് അടുത്തതിനാൽ ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട തീരുമാനങ്ങളൊന്നും വരാൻ ഇടയില്ല. എങ്കിലും തെരഞ്ഞെടുപ്പിന് ശേഷം വീണ്ടുമധികാരത്തിലെത്തിയാൽ യു.പി.എ ഗവൺമെന്റ് തന്നെ ഇസ്‌ലാമിക് ബാങ്ക് തുടങ്ങുമെന്നാണ് പ്രതീക്ഷ.

പ്രതിസന്ധിയോടെ മുസ്‌ലിം രാജ്യങ്ങളിലും ഇസ്‌ലാമിക് ഫൈനാൻസ് മേഖലയിൽ ഒരു പുത്തനുണർവ് ഉണ്ടായി. ഇസ്‌ലാമിക് ഫൈനാൻസ് വികസിപ്പിച്ചെടുക്കാനുള്ള ശക്തമായ ശ്രമങ്ങൾ പല മുസ്‌ലിം രാജ്യങ്ങളും നടത്തിവരുന്നുണ്ട്. ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്രജ്ഞന്മാരും ഈ വിഷയം കൂടുതൽ ചർച്ചയാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ലോകത്ത് ഏറ്റവും കൂടുതൽ ഇസ്‌ലാമിക് ബാങ്കുകളുള്ളത് മലേഷ്യയിലാണ്. അവിടെ ബാങ്കിംഗ് രംഗം അഴിച്ചുപണിയാനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇന്ന് ഇസ്‌ലാമിക് ബാങ്കുകൾ ഉപയോഗിച്ചുവരുന്ന മിക്ക രീതികളും പരമ്പരാഗത ബാങ്കിംഗ് രീതിയിൽ നിന്ന് കടം കൊണ്ടശേഷം ഇസ്‌ലാമീകരിച്ചവയാണ്. ഇത് മാറ്റി, തുടക്കം മുതൽ ഒടുക്കം വരെ പൂർണമായും ഇസ്‌ലാമിന്റേതുതന്നെയായ രീതികൾ ആവിഷ്കരിക്കാനാണ് മലേഷ്യയുടെ തീരുമാനം. ഇസ്‌ലാമിക് ഫൈനാൻസിനും ബാങ്കിംഗിനും ആഗോള നിലവാരം കൈവരുത്താനുള്ള ശ്രമത്തിന്റെ ഭാഗമായി മലേഷ്യയും ഖത്തറും സംയുക്തമായി ക്വാലാലംപൂരിൽ അടുത്ത് തന്നെ ഒരു സമ്മേളനം നടത്തുന്നുണ്ട്. ലോകത്തെ തന്നെ ആദ്യത്തെ Sharia Inter Bank Money Market നും മലേഷ്യ ഈയടുത്ത് തുടക്കംകുറിച്ചു.

ബ്രൂണെയിൽ പ്രതിസന്ധിക്ക് ശേഷം നവംബർ 2008ൽ ഇസ്‌ലാമിക് ബാങ്കിംഗ്, തകാഫുൽ എന്നീ പേരുകളിൽ വിജ്ഞാപനമിറക്കുകയുണ്ടായി. ഈ വിജ്ഞാപനങ്ങൾ നിലവിൽ വരുന്നതോടെ ലോക ഇസ്‌ലാമിക് ഫൈനാൻസിന്റെ പ്രധാന വേദികളിലൊന്നായി ബ്രൂണെ മാറുമെന്നാണ് പ്രതീക്ഷ.

ലോകത്തെ ഏറ്റവും വലിയ ഇസ്‌ലാമിക് ബാങ്ക് ബഹ്റൈനിൽ ജൂൺ 2009 ൽ ആരംഭിക്കാനിരിക്കുകയുമാണ്. ഇസ്‌ലാമിക് ബാങ്കിംഗിലേക്ക് ലോകം ശ്രദ്ധ തിരിച്ചിരിക്കുന്ന ഈ സന്ദർഭം ഇതിന് ഏറെ അനുകൂലമായി വർത്തിക്കുമെന്നാണവരുടെ പ്രതീക്ഷ. ഈ ബാങ്കിന്റെ മൂലധനം പതിനൊന്ന് ബില്യൻ ഡോളറാണ്. ഇസ്‌ലാമിക് ഡവലപ്മെന്റ് ബാങ്ക് (IDB) ആയിരിക്കും ഇതിന്റെ ഏറ്റവും വലിയ പങ്കാളി. ഒ.ഐ.സി രാഷ്ട്രങ്ങളും ഈ ബാങ്കിൽ പണമിറക്കും.

ആഗോള സാമ്പത്തിക പ്രതിസന്ധി ഏറ്റവും കുറഞ്ഞ രീതിയിൽ ബാധിച്ചത് ഇസ്‌ലാമിക് ബാങ്കുകളെയാണ്. എങ്കിലും ഇസ്‌ലാമിക് ബാങ്കുകൾക്കും ഇപ്പോഴത്തെ സാമ്പത്തിക മാന്ദ്യം ഏറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ആഗോള തലത്തിലുണ്ടായ സാമ്പത്തിക മാന്ദ്യം ഒരുപാട് ബിസിനസ് സ്ഥാപനങ്ങളെയും വ്യക്തികളെയും സാരമായി ബാധിച്ചിരിക്കുകയാണ്. ഇസ്‌ലാമിക് ബാങ്കും ധനകാര്യ സ്ഥാപനമെന്ന നിലക്ക് ഇത്തരം വ്യാപാര സ്ഥാപനങ്ങളിലും കമ്പനികളിലും പങ്കാളികളാണ്. ഇതിൽ പലതിനും വന്നിരിക്കുന്ന നഷ്ടം ഇസ്‌ലാമിക് ബാങ്കുകളെയും ബാധിക്കുന്നു. കഴിഞ്ഞ വർഷത്തെ ഒന്നാം പാതിയിൽ 20 ശതമാനം വരെ ലാഭം ഇസ്‌ലാമിക് ബാങ്കുകൾ അവയുടെ പങ്കാളികൾക്ക് നൽകിയിരുന്നു. പ്രതിസന്ധി ബാധിച്ച രണ്ടാം പാതിയിൽ നേർ പകുതിയായി 10 ശതമാനത്തിലേക്ക് അത് എത്തി. സാമ്പത്തികരംഗം ഇനിയും പിന്നോട്ടടിക്കുന്ന പക്ഷം ലാഭവിഹിതം ഇനിയും താഴാനാണ് സാധ്യത. ഏറെ ഇസ്‌ലാമിക് ബാങ്കുകളുള്ള ദുബായ് പോലുള്ള നാടുകൾ പ്രതിസന്ധിയിൽ മുങ്ങിത്താഴുകയാണ്. ഇത് സ്വാഭാവികമായും അവിടങ്ങളിലെ ഇസ്‌ലാമിക് ബാങ്കുകളെ ബാധിക്കും. എന്നാൽ ഇത് മറ്റു ബാങ്കുകൾക്കുള്ളത്ര ഗുരുതരമായിരിക്കില്ല. മുതലാളിത്തത്തിന് പിന്നാലെ നെട്ടോട്ടമോടുന്നതിനിടെ സാമ്പത്തിക പ്രതിസന്ധിയിൽ വഴുതി വീണ അവിടങ്ങളിൽ സാമ്പത്തിക രംഗം പച്ച പിടിക്കുന്നതോടെ ഇസ്‌ലാമിക് ബാങ്കുകൾ ഇപ്പോൾ നേരിടുന്ന പ്രശ്നത്തിന് പരിഹാരമാകും. എന്നാൽ മറ്റു ബാങ്കുകൾക്ക് പ്രതിസന്ധിയിൽ നിന്ന് കരകയറാൻ ഏറെ പ്രയാസപ്പെടേണ്ടിവരും. ■

(ശാന്തപുരം അൽ ജാമിഅയിലെ റിസർച്ച് ആന്റ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ ഗവേഷകനാണ് ലേഖകൻ)